<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 477</u> <u>05-10-2021 - ൽ മറുപടിയ്ക്ക്</u>

<u>സ്വർണക്കടത്ത് വഴിയുണ്ടാകുന്ന നികുതി ചോർച്ച തടയുവാൻ നിയമനിർമ്മാണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാകാലങ്ങളായി നടന്നുവന്നിരുന്ന സ്വർണ്ണക്കടത്തും തൻമൂലമുണ്ടാകുന്ന നികുതി ചോർച്ചയും സാമ്പത്തിക മേഖല ഉൾപ്പെടെ എല്ലാ മേഖലകളിലും ആയതു മൂലമുണ്ടാകുന്ന വിധ്വംസക പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സ്വർണ്ണ വ്യാപാര രംഗത്തെ നികുതി ചോർച്ചയും തെറ്റായ പ്രവണതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ സർക്കാർ കാലയളവിലും ഈ സർക്കാർ കാലയളവിലും പിടിച്ചെടുത്ത നിയമവിധേയമല്ലാത്ത സ്വർണ്ണമെത്രയാണെന്ന് വെളിപ്പെടുത്താമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 551.31 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 3793.17 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 100.24 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുക്കുകയും 1052.19 ലക്ഷം രൂപ ടാക്സ്, പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്വർണം സർക്കാർ പിടിച്ചെടുത്ത ശേഷം ജി.എസ്.ടി. നിയമത്തിലെ 129 -ാം വകുപ്പ് പ്രകാരം ജി.എസ്.ടി.യും പിഴയും ഈടാക്കി വിട്ടുനൽകുന്നത് സ്വർണ്ണക്കടത്തുകാർക്ക്അനുകൂലമാകുന്നതൊഴിവാക്കി സ്വർണ്ണക്കടത്ത് തടയുവാൻ സംസ്ഥാനം നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | സ്വർണ്ണത്തിന്റെ ചരക്ക് നീക്കം സംബന്ധിച്ചുള്ള നിയമനിർമ്മാണം നടത്താൻ സംസ്ഥാനത്തിന് നിലവിൽ അധികാരമില്ലാത്തതാണ്. ജി.എസ്.ടി.യിൽ ഭേദഗതികൾ കൊണ്ടുവരാനുള്ള അധികാരം ജി.എസ്.ടി കൗൺസിലിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ